ഉത്തരം

(എ)&(ബി)കണ്ണൂർ ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല. ഹൈക്കോടതിയു മായി കൂടിയാലോചിച്ചു മാത്രമേ കുടുംബകോടതിയുടെ ആസ്ഥാനം എവിടെ യാണെന്ന് തീരുമാനിക്കാൻ കഴിയൂ.

114 (2427) മാനന്തവാടിയിലെ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ ഒരു ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതി ആരം ഭിക്കുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നോ; എങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്നു മുതൽ ഈ കോടതി പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഈ കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണ്;

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അടിയ ന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) മാനന്തവാടിയിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി)&(ഡി) ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

115 (2428) സൂര്യനെല്ലി സ്ത്രീപീഡനകേസ് വിചാരണ ചെയ്യു ന്നതിന് നിയമിതരായ സ്പെഷൽ പ്രോസിക്യൂട്ടർമാർ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂര്യനെല്ലി സ്ത്രീപീഡനക്കേസ് വിചാരണ ചെയ്യുന്ന സ്പെഷ്യൽ കോടതിയിൽ ഗവൺമെന്റ്ഭാഗം കേസ് നടത്തുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവർ ആരെല്ലാമാണെന്നും അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ ഔദ്യോഗിക സ്ഥാനമാനങ്ങൾ ഉണ്ടോയെന്നും വ്യക്ത മാക്കുമോ;

(സി) ഇവരുടെ നിയമന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഏതെല്ലാം ആനുകൂല്യങ്ങൾക്ക് ഇവർ അർഹരാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇന്നുവരെ ഈ കേസിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് ഇവർ ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly